# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 477** **02.12.2014-ലെ മറുപടിക്ക്**

## സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നിർദ്ദേശങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നിർദ്ദേശങ്ങൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി വരികയുണ്ടായി ; | (എ & ബി)<br>സംസ്ഥാനം ഇപ്പോൾ ഉള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിനായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19.09.2014 ലെ സ.ഉ. (പി) നം. 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 19.09.2014 ലെ സ.ഉ. (പി.) നം. 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10.11.2014 ലെ സ.ഉ. (പി) നം. 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | അതിന്മേൽ മന്ത്രിസഭ എടുത്ത തീരുമാനങ്ങളും അതേ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളും ലഭ്യമാക്കാമോ ; | |

<table>
<tr>
<td></td>
<td></td>
<td>25.09.2014 ലെ സ.ഉ. (എം.എസ്) നം. 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2016 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട് (ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).</td>
</tr>
<tr>
<td>(സി)</td>
<td>ഓരോ തീരുമാനത്തിന്റെ ഫലമായും തന്നാണ്ടിലെ ബഡ്ജറ്റിൽ കണക്കാക്കപ്പെട്ടതിന് പുറമെയുണ്ടാകുന്ന അധിക വരുമാനം എത്ര കോടി രൂപ വീതമാണെന്നുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ ?</td>
<td>തീരുമാനങ്ങളുടെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം ചുവടെ കൊടുത്തിരിക്കുന്നു.
<table>
<tr><th>ഇനം</th><th>തുക (കോടിയിൽ)</th></tr>
<tr><td>ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള നികുതി</td><td>1130</td></tr>
<tr><td>വൈൻ, ബിയർ അധിക നികുതി</td><td>100</td></tr>
<tr><td>സിഗററ്റ്</td><td>264</td></tr>
<tr><td>ഭൂനികുതി</td><td>78</td></tr>
<tr><td>തോട്ടം നികുതി</td><td>3</td></tr>
<tr><td>പെട്രോൾ, ഡീസൽ വില റവന്യൂ ന്യൂട്രലാക്കിയത് മൂലം</td><td>112</td></tr>
<tr><td>ഭൂമിയുടെ ന്യായവില പുനർനിർണ്ണയം</td><td>520</td></tr>
</table>
</td>
</tr>
</table>

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ